REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 22-01-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **ഒരു ദിവസത്തെ സന്ദർശനത്തിന് നാളെ തിരുവനന്തപുരത്ത് എത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയെ വരവേൽക്കാൻ തലസ്ഥാന നഗരി ഒരുങ്ങി.**
- **ശബരിമല സ്വർണക്കൊള്ള വിഷയത്തിൽ ഭരണ- പ്രതിപക്ഷ ബഹളത്തെ തുടർന്ന്, നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു.**
- **വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**
- **സംസ്ഥാനത്ത് രണ്ടാം വിള നെല്ല് സംഭരണത്തിന് 31 മില്ലുകൾ സപ്ലൈക്കോയുമായി കരാർ ഒപ്പിട്ടു.**
- **സന്തോഷ് ട്രോഫി ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തിന് വിജയത്തുടക്കം.**

## വാർത്തകൾ വിശദമായി

ഒരു ദിവസത്തെ സന്ദർശനത്തിന് നാളെ തിരുവനന്തപുരത്ത് എത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയെ വരവേൽക്കാൻ തലസ്ഥാന നഗരി ഒരുങ്ങി. പുത്തരിക്കണ്ടം മൈതാനിയിൽ കേരളത്തിന് അനുവദിച്ച നാല് പുതിയ ട്രെയിനുകൾ നരേന്ദ്രമോദി ഫ്ലാഗ് ഓഫ് ചെയ്യും. മൂന്ന് അമൃത് ഭാരത് എക്സ്പ്രസുകളും, തൃശൂർ- ഗുരുവായൂർ പാസഞ്ചർ ട്രെയിനുമാണ് കേരളത്തിന് അനുവദിച്ചത്. തുടർന്ന് BJP പരിപാടിയിൽ തിരുവനന്തപുരം നഗര വികസന രേഖ നരേന്ദ്രമോദി പ്രഖ്യാപിക്കും.

തിരുവനന്തപുരം ബയോ-360 ലൈഫ് സയൻസസ് പാർക്കിലെ CSIR–NIIST ഇന്നൊവേഷൻ, ടെക്നോളജി ആൻഡ് ഓൻട്രപ്രണർഷിപ്പ് ഹബ്ബിനും പ്രധാനമന്ത്രി തറക്കല്ലിടും. നരേന്ദ്ര മോദിയുടെ സന്ദർശനത്തിന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരം നഗരത്തിൽ സുരക്ഷാ സന്നാഹങ്ങൾ ശക്തമാക്കി.

✪✪✪

പ്രധാനമന്ത്രിയുടെ സന്ദർശനത്തിനു മുന്നോടിയായി തലസ്ഥാനത്തെ സുരക്ഷാസന്നാഹങ്ങൾ കൂടുതൽ ശക്തമാക്കി.

കൂടുതൽ വിവരങ്ങളുമായി സ്മിതി എം പള്ളുരുത്തി....

(വോയ്സ്)......

പ്രധാന മന്ത്രിയുടെ സന്ദർശനത്തിന് മുന്നോടിയായി ശംഖുമുഖം എയർപോർട്ട് മേഖലയും പുത്തരിക്കണ്ടം, കിഴക്കേക്കോട്ട മേഖലയും ഇന്നും നാളെയും താൽക്കാലിക റെഡ് സോണമായി പ്രഖ്യാപിച്ചിട്ടുണ്ട്. കിഴക്കേകോട്ടയുടെ രണ്ട് കിലോമീറ്റർ പരിധിയിൽ ഡ്രോണുകൾ പട്ടം ബലൂണുകൾ എന്നിവ പറത്തുന്നത് നിരോധിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിലേക്ക് കടക്കുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കും. നാളെ രാവിലെ 7 മണി മുതൽ ഉച്ചയ്ക്ക് രണ്ടുമണിവരെ തിരുവനന്തപുരം ഗതാഗത നിയന്ത്രണവും ഉണ്ടാകും.

✪✪✪

ശബരിമല സ്വർണക്കൊള്ള വിഷയത്തിൽ ഭരണ- പ്രതിപക്ഷ ബഹളത്തെ തുടർന്ന്, നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. പ്ലക്കാർഡും ബാനറുമായി പ്രതിപക്ഷം സ്പീക്കറുടെ ഡയസിനു മുന്നിൽ മുദ്രാവാക്യം വിളിച്ച് പ്രതിഷേധിച്ചു. ഭരണപക്ഷവും സഭയിൽ ബഹളം വെച്ചു.

ദേവസ്വം മന്ത്രി രാജിവെക്കണമെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ നിയമസഭയിൽ ആവശ്യപ്പെട്ടു. പ്രത്യേക അന്വേഷണ സംഘത്തിനുമേൽ മുഖ്യമന്ത്രി സമ്മർദ്ദം ചെലുത്തുകയാണെന്നും പ്രതിപക്ഷ നേതാവ് ആരോപിച്ചു.

ബഹളത്തിനിടെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ നന്ദി പ്രമേയ ചർച്ചയ്ക്ക് നിയമസഭയിൽ തുടക്കമായി. ഭരണകക്ഷിയിലെ TP രാമകൃഷ്ണനാണ് ചർച്ചക്ക് തുടക്കം കുറിച്ചത്. മന്ത്രിസഭാ തീരുമാനങ്ങൾ ലംഘിച്ചാണ് ഗവർണർ നയപ്രഖ്യാപന പ്രസംഗം നടത്തിയതെന്ന് TP രാമകൃഷ്ണൻ പറഞ്ഞു. ഈ സാഹചര്യത്തിൽ ഭരണഘടനാ മൂല്യങ്ങൾ

സംരക്ഷിക്കാൻ ഗവണ്മെന്റ് സ്വീകരിച്ച നടപടി മാതൃകാപരമാണ്. ഭരണഘടനാ തത്വങ്ങൾ ലംഘിച്ചുകൊണ്ടാണ് ഗവർണർ നയപ്രഖ്യാപനം നടത്തിയതെന്നും അദ്ദേഹം ആരോപിച്ചു.

പ്രതിപക്ഷം നിയമസഭയിൽ ഭീരുത്വം കാണിക്കുകയാണെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ശബരിമല വിഷയത്തിൽ പ്രതിപക്ഷം എന്തുകൊണ്ട് അടിയന്തരപ്രമേയ നോട്ടീസ്  നൽകുന്നില്ലെന്നും മന്ത്രി ചോദിച്ചു. പോറ്റിയെ ശബരിമലയിൽ കയറ്റിയത് ആരാണെന്ന് UDF കൺവീനർ അടൂർ പ്രകാശിനോട് ചോദിക്കണമെന്നും മന്ത്രി സഭയിൽ പറഞ്ഞു.

ശബരിമല സ്വർണ്ണക്കൊള്ളക്കേസിൽ സോണിയ ഗാന്ധിയുടെ കാര്യത്തിൽ പ്രതിപക്ഷം എന്തുകൊണ്ട് മിണ്ടുന്നില്ലെന്ന് മന്ത്രി വി ശിവൻകുട്ടി ചോദിച്ചു. സോണിയാ ഗാന്ധിയെ അറസ്റ്റ് ചെയ്ത് അന്വേഷണം നടത്തണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

സഭാ സമ്മേളനം ചൊവ്വാഴ്ച പുനഃരാരംഭിക്കും.

✪✪✪

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനം മറ്റന്നാൾ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് മന്ത്രി VN വാസവൻ അറിയിച്ചു. കേന്ദ്ര തുറമുഖ മന്ത്രി സർബാനന്ദ സോനോവാൾ മുഖ്യാതിഥിയായി പങ്കെടുക്കും. 2028 ൽ എല്ലാ ഘട്ടങ്ങളും പൂർത്തികരിക്കാനാണ് ലക്ഷ്യമിടുന്നത്. 4000 മീറ്റർ ബ്രേക്ക് വാട്ടർ, 2000 മീറ്റർ ബർത്തിങ് എന്നിവ ഇതിൽ ഉൾപ്പെടുന്നു.

✪✪✪

കേന്ദ്ര സാമൂഹിക നീതി ശാക്തീകരണ വകുപ്പ് സഹമന്ത്രി രാംദാസ് അത്താവലെ ഇന്ന് കോഴിക്കോട് എത്തും. സാമൂഹ്യ നീതി വകുപ്പിന്റെ ഉദ്യോഗസ്ഥതല യോഗത്തിൽ അദ്ദേഹം സംബന്ധിക്കും. മാധ്യമപ്രവർത്തകരെയും  സഹമന്ത്രി കാണും.

✪✪✪

കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ ഒൻപതാം പതിപ്പ് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ കോഴിക്കോട് ബീച്ചിൽ ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ വംശജയായ ബഹിരാകാശ യാത്രിക സുനിത വില്യംസ്, നടൻ പ്രകാശ് രാജ്, തമിഴ്നാട് IT മന്ത്രി പളനിവേൽ ത്യാഗരാജൻ എന്നിവരടക്കം പ്രമുഖർ സാഹിത്യോത്സവത്തിൽ പങ്കെടുക്കും.

✪✪✪

കണ്ണൂർ പെരിങ്ങോം CRPF കേന്ദ്രത്തിൽ പരിശീലനം പൂർത്തിയാക്കിയ കാഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിൽ CRPF  സ്പെഷ്യൽ ഡയരക്ടർ ജനറൽ ദീപക് കുമാർ   അഭിവാദ്യം സ്വീകരിച്ചു. പരിശീലനം പൂർത്തിയാക്കിയ 1,332 പേരാണ് പാസിംഗ് ഔട്ട് പരേഡിൽ പങ്കെടുത്തത്.

✪✪✪

പെൻഷൻ പരിഷ്കരണ നടപടികൾ ഉടൻ പൂർത്തിയാക്കണമെന്നും, ഇതിനായി കമ്മീഷനെ നിയമിക്കണമെന്നും കണ്ണൂരിൽ സമാപിച്ച  കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് അസോസിയേഷൻ  സംസ്ഥാന സമ്മേളനം  ആവശ്യപ്പെട്ടു. നിലവിലെ അഞ്ച് ഗഡു കുടിശ്ശിക ഉടൻ വിതരണം ചെയ്യണമെന്നും സമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

✪✪✪

കണ്ണൂർ തയ്യിലിൽ ഒന്നര വയസുകാരനെ കടലിലെറിഞ്ഞ് കൊലപ്പെടുത്തിയ കേസിൽ അമ്മ ശരണ്യയെ തളിപ്പറമ്പ് അഡീഷനൽ സെഷൻസ് കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചു. ഒരു ലക്ഷം രൂപ പിഴ  ശിക്ഷയും വിധിച്ചിട്ടുണ്ട്. അപൂർവ്വങ്ങളിൽ അപൂർവ്വമായ സംഭവമായതിനാൽ പ്രതിക്ക് വധശിക്ഷ നൽകണമെന്ന പ്രൊസിക്യൂഷൻവാദം കോടതി പരിഗണിച്ചില്ല.

ആൺസുഹൃത്തിനൊപ്പം താമസിക്കാൻ  വേണ്ടിയാണ് ഒന്നര വയസ്സുകാരനെ ശരണ്യ കൊലപ്പെടുത്തിയത്. ഇവർ കുറ്റക്കാരിയെന്ന് കഴിഞ്ഞ തിങ്കളാഴ്ച കോടതി കണ്ടെത്തിയിരുന്നു.

✪✪✪

സംസ്ഥാനത്ത് രണ്ടാം വിള നെല്ല് സംഭരണത്തിന് 31 മില്ലുകൾ സപ്ലൈക്കോയുമായി കരാർ ഒപ്പിട്ടു. പാലക്കാട് ഒഴികെ ജില്ലകളിലാണ് സ്വകാര്യ മില്ലുകൾ വഴി നെല്ലെടുപ്പ് നടത്തുന്നത്

പാലക്കാടുനിന്നും ഫൈസൽ അലിമുത്ത്...

(വോയ്സ്)....

11 മില്ലുകളാണ് ഒന്നാം വിളയിൽ നെല്ല് സംഭരിച്ചിരുന്നത്. കൂടുതൽ മില്ലുകൾ എത്തിയ സാഹചര്യത്തിൽ രണ്ടാം വിലയിൽ പ്രതിസന്ധി ഉണ്ടാവില്ലെന്നാണ് വിലയിരുത്തൽ. അതേസമയം  പാലക്കാട് ജില്ലയിൽ സഹകരണ സംഘങ്ങൾ വഴി നെല്ലെടുത്ത് സഹകരണ ബാങ്കുകൾ വഴി വില വിതരണം നടത്താനുമാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന യോഗം തീരുമാനിച്ചിരിക്കുന്നത്.ഇത് സംബനധിച്ച പ്രാഥമിക നടപടികൾ ഉടൻ  ആരംഭിക്കുമെന്നാണ് സപ്ലൈക്കോ അധികൃതർ വ്യക്തമാക്കുന്നത്. ഇതിനായി വരും ദിവസങ്ങളിൽ പ്രാഥമിക

സഹകരണ സംഘങ്ങളുടെ യോഗം വിളിച്ച് നെല്ല് സംഭരണ രീതി തീരുമാനിക്കും.

അടുത്തമാസം പകുതിയോടെ ജില്ലയിലെ ചില പ്രദേശങ്ങളിൽ കൊയ്ത്ത് ആരംഭിക്കും.അതിന് മുൻപ് സംഭരണത്തിന് ആവശ്യമായ നടപടികൾ പൂർത്തിയാക്കണമെന്നാണ് കർഷകർ ആവശ്യപ്പെടുന്നത്.

✪✪✪

ശബരിമല സ്വർണക്കൊള്ള കേസിൽ അറസ്റ്റിലായ തന്ത്രി കണ്ഠര് രാജീവരെ ഒരുദിവസത്തേക്ക് പ്രത്യേക അന്വേഷണസംഘത്തിന്റെ കസ്റ്റഡിയിൽ വിട്ടു. തന്ത്രിയെ കസ്റ്റഡിയിൽ വേണമെന്ന SIT യുടെ അപേക്ഷയിലാണ് കൊല്ലം വിജിലൻസ് കോടതിയുടെ നടപടി. തന്ത്രിയുടെ ജാമ്യാപേക്ഷ ഈമാസം 28 ന് കോടതി പരിഗണിക്കും..

✪✪✪

ശബരിമല വിഷയത്തിലെ സമരപരിപാടികളുടെ ഭാഗമായി BJP പ്രവർത്തകർ പ്രിയങ്ക ഗാന്ധി MP യുടെ മുക്കം ഓഫീസിലേക്ക് മാർച്ച് നടത്തി. മുൻ സംസ്ഥാന പ്രസിഡന്റ് CK പത്മനാഭൻ ഉദ്ഘാടനം ചെയ്തു.

✪✪✪

കണ്ണൂർ ജില്ലാ അഗ്രി ഹോർട്ടികൾച്ചർ സൊസൈറ്റിയുടെ കണ്ണൂർ പുഷ്പോത്സവം ഇന്ന് ആരംഭിക്കും. കണ്ണൂർ പോലീസ് മൈതാനിയിൽ വൈകീട്ട് എഴുത്തുകാരൻ ടി. പത്മനാഭൻ ഉദ്ഘാടനം ചെയ്യും.

കണ്ണൂരിൽ നിന്ന് KO. ശശിധരൻ......

(വോയ്സ്).....

കേരളത്തിനകത്തും പുറത്തുനിന്നുമുള്ള വൈവിധ്യമാർന്ന ചെടികളും പൂക്കളും ഫലവൃക്ഷ തൈകളുംമറ്റു നടീൽ വസ്തുക്കളും ഔഷധസസ്യങ്ങളും പുഷ്പ്പോത്സവത്തിൽ ഒരുക്കുന്നുണ്ട്. 12000 ചതുരശ്രഅടിയിലുള്ള വർണോദ്യാനം പുഷ്പോത്സവത്തെ പ്രധാന ആകർഷണമാവും. ആറളം ഫാം, കരിമ്പം ഫാം, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ, അനർട്ട്, റെയ്ഡ്കോ എന്നിവയുടെ പവലിയനകളും ഒരുക്കിയിട്ടുണ്ട്. ഫുഡ് കോർട്ട്, കുട്ടികൾക്കുള്ള അമ്യൂസ്മെൻറ് പാർക്ക് എന്നിവയും പുഷ്പോത്സവത്തിന്റെ ഭാഗമായി സജ്ജീകരിക്കുന്നുണ്ടെന്നും സംഘടകർ അറിയിച്ചു.

✪✪✪

79-ാമത് സന്തോഷ് ട്രോഫി ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കേരളത്തിന് വിജയത്തുടക്കം. ആദ്യ മത്സരത്തിൽ പഞ്ചാബിനെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് കേരളം തോൽപ്പിച്ചത്. മുഹമ്മദ് അജ്സൽ കേരളത്തിനായി ഇരട്ട ഗോൾ നേടി.

✪✪✪

ഇന്തോനേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റണിൽ PV സിന്ധുവും ലക്ഷ്യാസെന്നും ക്വാർട്ടറിൽ പ്രവേശിച്ചു. ലക്ഷ്യസെൻ ഹോങ്കോംഗ് താരത്തെയും, സിന്ധു ഡെന്മാർക്ക് താരത്തെയുമാണ് പരാജയപ്പെടുത്തിയത്.

✪✪✪

ഇന്ത്യാ - ന്യൂസിലാന്റ് അഞ്ച് മത്സര ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന്. വൈകിട്ട് ഏഴിന് റായ്പൂരിലാണ് മത്സരം.

ഇന്നലെ ആദ്യ മത്സരത്തിൽ ഇന്ത്യ 48 റൺസിന് വിജയിച്ചിരുന്നു.

✪✪✪

വനിതാ പ്രീമിയർലീഗ് ക്രിക്കറ്റിൽ UP വാരിയേഴ്സ്, വൈകിട്ട് ഗുജറാത്ത് ജയന്റ്സിനെ നേരിടും. വഡോദര BCA സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 1,680 രൂപ കുറഞ്ഞ് 1ലക്ഷത്തി 13,160 രൂപയായി. ഗ്രാമിന് 14,145 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

താമരശ്ശേരി ചുരത്തിൽ ഇന്നും, നാളെയും ഗതാഗത നിയന്ത്രണം തുടരും. ചുരത്തിലെ ആറാം വളവിൽ മുറിച്ചിട്ട മരങ്ങൾ മാറ്റുന്നതിനും, റോഡിലെ അറ്റകുറ്റ പണികളും മുൻനിർത്തിയാണ് നടപടി. മൾട്ടി ആക്സിൽ വാഹനങ്ങളും ഭാരവാഹനങ്ങളും നാടുകാണി ചുരം വഴിയോ, കുറ്റ്യാടി ചുരം വഴിയോ പോകേണ്ടതാണെന്ന് അധികൃതർ അറിയിച്ചു.

✪✪✪

സോളാർ പീഡനക്കേസിലെ പരാതിക്കാരിയും മന്ത്രി KB. ഗണേശ് കുമാറും പ്രതികളായ ഗൂഢാലോചന കേസിൽ, മന്ത്രിയുടെ മുൻ സ്റ്റാഫ് അംഗങ്ങൾ ഹാജരാകാൻ കൊട്ടാരക്കര ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി സമൻസ് അയച്ചു. സമൻസ് ലഭിച്ചിട്ടും ഇതുവരെ ഹാജരാകാത്ത മറ്റൊരു സാക്ഷി ഫെനി ബാലകൃഷ്ണനും അടുത്തമാസം ആറിന് ഹാജരാകണം.

✪✪✪

ഹരിത കേരളം മിഷന്റെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ 33 ഹയർ സെക്കൻഡറി സ്കൂളുകളിൽ സാനിറ്ററി നാപ്കിനുകളുടെ ശാസ്ത്രീയ സംസ്കരണത്തിന് ഇൻസിനറേറ്ററുകൾ സ്ഥാപിക്കും. അതോടൊപ്പം 12 കോളേജുകളിലും 11 വിദ്യാലയങ്ങളിലും ആർത്തവ ശുചിത്വ ഉത്പന്നമായ മെൻസ്ട്രുവൽ കപ്പ് വിതരണവും ബോധവൽക്കരണവും നടത്തും. പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലൈഫ് കെയറുമായി ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

കണ്ണൂർ പള്ളിക്കുന്നിൽ സെൻട്രൽ ജയിലിന്റെ ഇന്ധന പമ്പിൽ ടാങ്കിന്റെ ഹൈഡ്രോ ടെസ്റ്റിംഗ് രാവിലെ ആരംഭിച്ചു. പമ്പിൽ നിന്ന് ഇന്ധനം സമീപത്തെ വീടുകളിലെ കിണറുകളിൽ എത്തുന്നുവെന്ന പരാതിയെ തുടർന്നാണ് പരിശോധന നടത്തുന്നത്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സബിത കെ*
*NRTs: അനിൽ ചന്ദ്രൻ , ഫസ്ന ഫാത്തിമ,*
*DEO : സി കെ സുബോധ്*